17
ബുധൻ
മെയ് 2023
1198 ഇടവം 3
പേജ് 16, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

## കീം ഇന്ന്

**തിരുവനന്തപുരം**

സംസ്ഥാനത്ത് എൻജിനിയറിങ്, ഫാർമസി കോഴ്സ് പ്രവേശനത്തിനുള്ള കീം–2023 ബുധനാഴ്ച നടക്കും. ജില്ലാ ആസ്ഥാനങ്ങളിലെയും ദുബായ്, ഡൽഹി, മുംബൈ എന്നിവിടങ്ങളിലെയും 336 കേന്ദ്രത്തിലായി 1,23,624 പേർ പരീക്ഷ എഴുതും.

വിദ്യാർഥികൾ അഡ്മിറ്റ് കാർഡ് കൂടാതെ ഡ്രൈവിങ് ലൈസൻസ്/പാസ്പോർട്ട്/ പാൻ കാർഡ്/ ഇലക്ഷൻ ഐഡി, പ്ലസ് ടുവിന് പഠിച്ച സ്ഥാപനത്തിന്റെ മേധാവിയോ ഗസറ്റഡ് ഓഫീസറോ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയുള്ള സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒന്ന് കരുതണം. ഹെൽപ് ലൈൻ നമ്പർ: 0471 2525300.



തിരൂർ തുഞ്ചൻപറമ്പിൽ നടന്ന ‘സാദരം എം ടി ഉത്സവം’ പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ സജി ചെറിയാൻ, വി അബ്ദുറഹിമാൻ, സാഹിത്യകാരൻ സി രാധാകൃഷ്ണൻ, എം ടി വാസുദേവൻ നായർ, നടൻ മമ്മൂട്ടി, പി നന്ദകുമാർ എംഎൽഎ, ഡോ. കെ ശ്രീകുമാർ എന്നിവർ സമീപം (വാർത്ത പേജ് :05)

## കൃഷിക്കും വേണം നിർമിതബുദ്ധി: മുഖ്യമന്ത്രി

**പെരിന്തൽമണ്ണ**

ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കാർഷിക മേഖലയിൽ ഉൽപ്പാദന വർധന യാഥാർഥ്യമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ക്ലൗഡ് കംപ്യൂട്ടിങ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ കാർഷികരംഗത്ത് ഉപയോഗിക്കണം. പുത്തൻ തലമുറ അതിനാവശ്യമായ രീതിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം– കാർഷിക വികസന വകുപ്പിന്റെ കൃഷിക്കൂട്ടങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

മൂല്യവർധിത ഉൽപ്പന്നങ്ങൾ കൂടുതലായുണ്ടാകണം. ഇവയുടെ വിപണനവും പ്രധാനമാണ്. ഓൺലൈൻ, ബ്രാൻഡിങ് സാധ്യതകൾ കൂടുതൽ വിപുലപ്പെടുത്തി വിപണി ഇടപെടൽ ശക്തമാക്കണം. പുതിയ കാലത്തിന്റെ സാധ്യതകൾക്കനുസരിച്ചുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കണം.

ഒരു കൃഷിഭവൻ പരിധിയിൽനിന്ന് ഒരു മൂല്യവർധിത ഉൽപ്പന്നമെന്നായിരുന്നു ലക്ഷ്യം. എന്നാൽ പത്തിലേറെ ഉൽപ്പാദിപ്പിക്കുന്ന കൃഷിഭവനുകളുണ്ട്. കേരള ഗ്രോ എന്ന ബ്രാൻഡ് നെയിമിൽ ഇവ ഓൺലൈൻ വഴിയും മറ്റും ജനങ്ങൾക്കിടയിലേക്ക് എത്തുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

‘കൃഷിക്കൂട്ടം’ തയ്യാർ P05




## കർണാടക: മാരത്തൺ ചർച്ചയും ഫലം കണ്ടില്ല

# പ്രഖ്യാപനം നീളുന്നു

- എഐസിസി പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയെ സിദ്ധരാമയ്യയും ഡി കെ ശിവകുമാറും കണ്ടു
- പിന്മാറാൻ ഒരുക്കമല്ലെന്ന നിലപാടിൽ ഇരു നേതാക്കളും
- ചർച്ച ഇന്നും തുടരും

**പ്രത്യേക ലേഖകൻ**

**ന്യൂഡൽഹി**

കർണാടക ജനത മികച്ച വിജയം സമ്മാനിച്ച് ദിവസങ്ങൾ പിന്നിട്ടിട്ടും മുഖ്യമന്ത്രിയാരെന്ന് ഉറപ്പിക്കാനാകാതെ കോൺഗ്രസ് ആശയക്കുഴപ്പത്തിൽ. മുഖ്യമന്ത്രി സ്ഥാനത്തിനായുള്ള മത്സരത്തിൽനിന്ന് പിന്മാറാൻ മുൻമുഖ്യമന്ത്രി സിദ്ധരാമയ്യയും പിസിസി അധ്യക്ഷൻ ഡി കെ ശിവകുമാറും തയ്യാറായില്ല. ഉച്ചയോടെ ഡൽഹിയിൽ എത്തിയ ശിവകുമാർ സമ്മർദം ശക്തമാക്കി. മന്ത്രിമാരുടെ കാര്യത്തിലും വ്യത്യസ്ത അവകാശവാദങ്ങളും അഭിപ്രായങ്ങളും ഉയർന്നതോടെ തീരുമാനമെടുക്കൽ സങ്കീർണമായി. കർണാടകത്തിലെ കൂടുതൽ നേതാക്കളുമായി എഐസിസി പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ കൂടിയാലോചന നടത്തുമെന്നും അതുവരെ തീരുമാനം നീളുമെന്നും കോൺഗ്രസ് കേന്ദ്രങ്ങൾ പറഞ്ഞു. ഹൈക്കമാൻഡ് തീരുമാനിച്ചാൽ മുഖ്യമന്ത്രിയാകാൻ തയ്യാറാണെന്ന് മുൻ ഉപമുഖ്യമന്ത്രി ജി പരമേശ്വര പറഞ്ഞു.

ഖാർഗെയുമായി രാഹുൽ ഗാന്ധി ഒന്നര മണിക്കൂറോളം ചർച്ച നടത്തി. തുടർന്ന്, വൈകിട്ട് അഞ്ചരയോടെ ശിവകുമാർ ഖാർഗെയുടെ വസതിയിലെത്തി സംസാരിച്ചു. ഖാർഗെ അഭിപ്രായം ആരായുക മാത്രമാണ് ഉണ്ടായതെന്ന് ശിവകുമാറിനെ പിന്തുണയ്ക്കുന്നവർ പറഞ്ഞു. സിദ്ധരാമയ്യ മുഖ്യമന്ത്രിയായ കാലത്ത് ദുർഭരണം ആയിരുന്നെന്നും അദ്ദേഹത്തിന് വീണ്ടും അവസരം നൽകേണ്ടതില്ലെന്നും ശിവകുമാർ അഭിപ്രായപ്പെട്ടെന്ന് റിപ്പോർട്ടുണ്ട്. ശിവകുമാർ മടങ്ങിയതിനു തൊട്ടുപിന്നാലെ സിദ്ധരാമയ്യയും ഖാർഗയെ കണ്ടു.

ആരെയെങ്കിലും പിന്നിൽനിന്ന് കുത്താനോ ബ്ലാക്ക്മെയിൽ ചെയ്യാനോ താനില്ലെന്നും കോൺഗ്രസ് നേതൃത്വത്തിന് തീരുമാനമെടുക്കാമെന്നും ശിവകുമാർ മാധ്യമങ്ങളോട് ആവർത്തിച്ചു. രോഗബാധ കാരണം ഡൽഹിയിലേക്ക് വരുന്നില്ലെന്ന് കഴിഞ്ഞ രാത്രി ബംഗളൂരുവിൽ ശിവകുമാർ പറഞ്ഞിരുന്നു. ഭൂരിപക്ഷം എംഎൽഎമാരുടെ പിന്തുണ സിദ്ധരാമയ്യക്കാണെങ്കിലും ലിംഗായത്ത്, വൊക്കലിഗ സമുദായ നേതൃത്വങ്ങൾ ശിവകുമാറിനൊപ്പമാണ്. സോണിയഗാന്ധിയും പ്രിയങ്ക ഗാന്ധിയും ശിവകുമാറിനാണ് കൂടുതൽ പരിഗണന നൽകുന്നതെന്ന് അറിയുന്നു. അനധികൃത സ്വത്ത് സമ്പാദനക്കേസിൽ പ്രതിസ്ഥാനത്തുള്ളത് ശിവകുമാറിന് പ്രതികൂല ഘടകമാണ്



പട പേടിച്ച് ...



P05
ഉറപ്പാക്കും, പഴുതടച്ച സുരക്ഷ










## കാലവർഷം വൈകും ; ചൂട് കൂടും

**തിരുവനന്തപുരം**

> ഇടവപ്പാതി ജൂൺ നാലിന് കേരളതീരം തൊട്ടേക്കും

തെക്ക് പടിഞ്ഞാറൻ കാലവർഷം ഇക്കുറി വൈകിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇപ്പോഴത്തെ നിലയിൽ ജൂൺ നാലിന് ഇടവപ്പാതി കേരളതീരം തൊടും. എന്നാൽ ജൂൺ ഏഴിനേ കാലവർഷം കേരളത്തിലെത്തുകയുള്ളുവെന്ന് സ്വകാര്യ കാലാവസ്ഥാ വിഭാഗമായ സ്കൈമെറ്റ് പ്രവചിക്കുന്നു.

ഈ കാലവർഷക്കാലത്ത് 96 ശതമാനം മഴ ലഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വിഭാഗത്തിന്റെ നിഗമനം. മെയ് 15 ഓടെ ആൻഡമാൻ മേഖലയിൽ എത്തേണ്ട കാലവർഷക്കാറ്റ് അടുത്ത ആഴ്ച അവസാനത്തോടെയേ എത്തൂ. ഇന്ത്യൻ മഹാസമുദ്രത്തിന് തെക്ക് നിലകൊള്ളുന്ന ഫാബിൻ ചുഴലിക്കാറ്റും കാലവർഷ രൂപീകരണത്തെ സ്വാധീനിച്ചേക്കും. കഴിഞ്ഞ വർഷം മെയ് 29 നാണ് ഇടവപ്പാതി കേരളത്തിലെത്തിയത്.

സംസ്ഥാനത്ത് സാമാന്യം ഭേദപ്പെട്ട വേനൽമഴ ലഭിച്ചെങ്കിലും വരും ദിവസങ്ങളിൽ അന്തരീക്ഷ താപനില ഉയരുമെന്ന് മുന്നറിയിപ്പുണ്ട്. പാലക്കാട്, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ സാധാരണനിലയേക്കാൾ രണ്ട്–മൂന്ന് ഡിഗ്രിസെൽഷ്യസ് വരെ ചൂടുകൂടുമെന്ന് കാലാവസ്ഥാ വകുപ്പ് പറയുന്നു.

P05 P07
പ്രതി സന്ദീപ് 5 ദിവസം ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ
കെ വി വിശ്വനാഥനെ സുപ്രീം കോടതി ജഡ്ജിയാക്കാമെന്ന് കൊളീജിയം ശുപാർശ







C M Y K